പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3584 — 25.06.2013 ൽ മറുപടിക്ക്

# ആഭ്യന്തര പ്രകൃതിവാതക വിഹിതം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. എ. ബേബി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. സി.കെ. സദാശിവൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന് ആഭ്യന്തര പ്രകൃതി വാതക വിഹിതം അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ; | (ബി) 12-ാം പദ്ധതിക്കാലയളവിൽ വൈദ്യുതി പദ്ധതികൾക്ക് ആഭ്യന്തര പ്രകൃതി വാതകം അനുവദിക്കുന്നതിനായി കേന്ദ്ര ഊർജ്ജ മന്ത്രാലയം തയ്യാറാക്കിയ മാനദണ്ഡം അനുസരിച്ച് മൊത്തം ലഭ്യമായ ആഭ്യന്തര പ്രകൃതി വാതകത്തിന്റെ 40% വൈദ്യുത പദ്ധതികൾക്കായി ലഭ്യമാക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വൈദ്യുതി പദ്ധതികൾക്ക് ആവശ്യമായ വാതകത്തിന്റെ 50 % വരെ ഇപ്രകാരം നൽകുമെന്നും ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>എന്നാൽ 19.03.2012 ൽ കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ച സർക്കുലർ പ്രകാരം ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യതയിലുള്ള കുറവ് കണക്കിലെടുത്ത് 12-ാം പദ്ധതി |

(തുടരും)

ക്കാലത്ത് പുതിയ വാതകാധിഷ്ഠിത വൈദ്യുത പദ്ധതികൾ വിഭാവനം ചെയ്യേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

KG D6 ഫീൽഡിൽ നിന്നുള്ള പ്രകൃതി വാതകത്തിന്റെ അലോക്കേഷൻ തീരുമാനിക്കുന്നതിന് കേന്ദ്ര സർക്കാർ എംപവേർഡ് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിനെ (EgoM) ചുമതപ്പെടുത്തിയിരുന്നു. വിവിധ മേഖലകളിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്ലാന്റുകൾക്ക് വേണ്ട പ്രകൃതിവാതകത്തിന്റെ അളവ് KG D6 Basin നിന്നുള്ള പ്രകൃതി വാതകത്തിനേക്കാൾ കൂടുതലായിരുന്നതിനാൽ EgoM ഇവിടെ നിന്നുള്ള പ്രകൃതി വാതകം റിസർവേഷൻ ഒന്നുമില്ലാതെ നിലവിലുള്ള പ്ലാന്റുകൾക്ക് കൊടുക്കുവാൻ തീരുമാനിക്കുകയുണ്ടായി.

(സി) സതേൺഗ്യാസ്ഗ്രിഡ് യാഥാർത്ഥ്യമാ(സി)ക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ആഭ്യന്തര പ്രകൃതി വാതകം ഉല്പാദിപ്പിക്കുന്ന കൃഷ്ണ-ഗോദാവരി തടത്തിൽ നിന്നും വിവിധ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേയ്ക്ക് വാതകം എത്തിക്കുന്നതിന് വേണ്ടി 'Southern Gas Grid' എന്ന പേരിൽ ഒരു വാതക പൈപ്പ് ലൈൻ ശൃംഖല GAIL വിഭാവനം ചെയ്തിട്ടുണ്ട്. ദേശീയ പ്രാധാന്യമുള്ള ഈ പദ്ധതി അടിയന്തിരമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. GAIL ന്റെ പ്രസ്തുത പ്രോജക്ടിലെ സംസ്ഥാനത്തിലുള്ള ഭാഗത്തിന് ഏകോപനം നിർവ്വഹിക്കുന്നത് KSIDC-യാണ്.

കൊച്ചി- കുറ്റനാട്- ബാംഗ്ലൂർ- മാംഗ്ലൂർ നാച്ചുറൽ ഗ്യാസ് പൈപ്പ് ലൈൻ യാഥാർത്ഥ്യമാകുന്നതോടെ KG D6 ഗ്യാസിന്റെ വിതരണത്തിനായി ഈ പൈപ്പ് ലൈൻ കാക്കിനട- [illegible] - ചെന്നൈ & ചെന്നൈ-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈനുകളുമായി ബന്ധിക്കും. കൂടാതെ ദഭോൽ- ബാംഗ്ലൂർ പൈപ്പ്

ലൈനുമായും ബന്ധിപ്പിക്കുന്നതോടെ ഭാഭോൽ & ദാഹജ് ടെർമിനലുകൾ, കൊച്ചി എൽ.എൻ.ജി ടെർമിനലുമായി ബന്ധിപ്പിക്കപ്പെടും എന്ന് പെട്രോളിയം & നാച്വറൽ ഗ്യാസ് മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിൽ കൊച്ചി- കൂറ്റനാട്- ബാംഗ്ലൂർ- മാംഗ്ലൂർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രക്രിയ ആണ് ഗെയിൽ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**